# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം***– 686560

***ഫോൺ:*** 0481–2733370


## വാർത്താക്കുറിപ്പ്

**2025 ജൂലൈ 31**

---

## നിരീക്ഷണ ക്യാമറകൾ കൂടുതൽ സ്മാർട്ടാക്കി; എം.ജി സർവകലാശാലയിലെ ഗവേഷകർക്ക് പേറ്റന്റ്

*നിരീക്ഷണ ക്യാമറാ സംവിധാനത്തെ കൂടുതൽ സ്മാർട്ടാക്കിയ കണ്ടുപിടുത്തത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗവേഷകർക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. നിരീക്ഷണ കാമറകളിൽ ലഭിക്കുന്ന വീഡിയോകളിലെ അസ്വാഭാവിക ചലനങ്ങൾ നിർമിത ബുദ്ധിയുടെ സഹായത്തോടെ അതിവേഗം കണ്ടെത്തുകയും കൂടുതൽ വ്യക്തമാക്കി തത്സമയം ലഭ്യമാക്കുകയും ചെയ്യുന്ന സാങ്കേതികവിദ്യയാണിത്.*

*സർവകലാശാലയുടെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിലെ പിഎച്ച്ഡി വിദ്യാർഥികളായ മിന്റു മോവി, നിഷ ഷംസുദ്ദീൻ, വകുപ്പ് മേധാവി ഡോ. വി.ആർ. ബിന്ദു, അധ്യാപകനായ ഡോ. അബ്ദുൽ ജബ്ബാർ എന്നിവരാണ് കണ്ടെത്തലിനു പിന്നിൽ. മിന്റു റെയർ പാറ്റേൺ മൈനിംഗിനെക്കുറിച്ചും നിഷ സൂപ്പർ റെസൊല്യൂഷനെക്കുറിച്ചും ഗവേഷണം നടത്തിവരികയാണ്.*

*നിരീക്ഷണ ക്യാമറകളിലെ തത്സമയ വീഡിയോകളിലെയും ആർക്കൈവ് വീഡിയോകളിലെയും ദൃശ്യങ്ങളിൽന്ന് അസ്വഭാവിക ചലനങ്ങൾ കണ്ടെത്താനാകും. ആളുകളുടെ നിൽപ്പ്, ചലനം, ആളുകൾ തമ്മിലുള്ള അകലം, മുഖത്തിന്റെ വിശദാംശങ്ങൾ, പരിസരത്തെ കാഴ്ച്ചകൾ എന്നിവ ക്ലസ്റ്ററിംഗ് സംവിധാനത്തിലൂടെ വിശകലനം ചെയ്യുന്നതാണ് പ്രധാന പ്രത്യേകത.*

*പ്രസക്തമായ ദൃശ്യങ്ങൾക്ക് മുൻഗണന നൽകുന്നതുകൊണ്ടുതന്നെ ഈ സാങ്കേതിക വിദ്യ പ്രവർത്തിക്കുന്നതിന് 75 ശതമാനം കുറവ് മെമ്മറി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ദൃശ്യങ്ങൾ തരംതിരിക്കുന്ന വേഗം 83 ശതമാനം വർധിക്കും. വീഡിയോ പരിശോധിക്കുന്നതിന് വേണ്ടിവരുന്ന സമയനഷ്ടവും അനാവശ്യ ദൃശ്യങ്ങൾ ശേഖരിക്കുന്നതുമൂലമുണ്ടാകുന്ന സ്റ്റോറേജ് നഷ്ടവും പഴങ്കഥയാകും.*

*കുറഞ്ഞ വെളിച്ചത്തിലും കൂടുതൽ ദൂരത്തുനിന്നും ലഭിക്കുന്ന ദൃശ്യങ്ങൾ സൂപ്പർ റസൊല്യൂഷൻ സാങ്കേതിക വിദ്യയിലൂടെയാണ് കൂടുതൽ വ്യക്തമാക്കുക. ഈ ദൃശ്യങ്ങൾ വാട്സപ്പ് മുഖേന തത്സമയം നൽകുന്നതുകൊണ്ട് അവശ്യ സാഹചര്യങ്ങളിൽ കുറ്റാന്വേഷണം പോലുള്ള തുടർ നടപടികൾ അതിവേഗത്തിലാക്കാൻ കഴിയും. നിലവിലുള്ള ഏത് സിസിടിവി സംവിധാനത്തിലും ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാൻ സാധിക്കുമെന്ന് ഡോ. ബിന്ദു പറഞ്ഞു.*

*നിലവിൽ ഈ മേഖലയിൽ രാജ്യാന്തര തലത്തിൽ അനുവദിച്ചിട്ടുള്ള പേറ്റന്റുകളുമായി താരതമ്യം ചെയ്താണ് കേന്ദ്ര സർക്കാരിന്റെ പേറ്റന്റ് ഓഫീസ് അംഗീകാരം നൽകിയത്. സർവകലാശാലയിലെ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന് ലഭിക്കുന്ന ആദ്യ പേറ്റൻറാണ്.*

*ഈ കണ്ടെത്തലിന് മഹാത്മാ ഗാന്ധി സർവകലാശാലയുടെ റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാമിൽ ബെസ്റ്റ് റിസർച്ച് ഇന്നവേറ്റീവ് പ്രാക്ടീസ് അവാർഡ് ലഭിച്ചിരുന്നു. കേരള സ്റ്റാർട്ടപ്പ് മിഷന്റെ റിസർച്ച് ഇന്നവേഷൻ നെറ്റ് വർക്ക് കേരളയുടെ സീഡ് ഫണ്ടിംഗും നേടി.*

*രാജ്യത്തെ നിർമിത ബുദ്ധി അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങളെ ശക്തിപ്പെടുത്താൻ ഉപകരിക്കുന്ന കണ്ടുപിടുത്തമാണിതെന്ന് സർവകലാശാലാ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു.*

ഫോട്ടോ ക്യാപ്ഷൻ..

*മിന്റു മോവി, നിഷ ഷംസുദ്ദീൻ, ഡോ. വി.ആർ. ബിന്ദു, ഡോ. അബ്ദുൽ ജബ്ബാർ*

*(പി.ആർ.ഒ/39/1890/2025)*

## ലാബ് ടെക്നോളജിസ്റ്റ്; വാക്-ഇൻ-ഇന്റർവ്യൂ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ ലാബ് ടെക്നോളജിസ്റ്റ് തസ്തികയിലെ രണ്ട് ഒഴിവുകളിൽ ഒരു വർഷത്തേക്ക് കരാർ നിയമനത്തിനുള്ള വാക്-ഇൻ-ഇന്റർവ്യൂ ഓഗസ്റ്റ് 11ന് ഉച്ചയ്ക്ക് 12ന് വൈസ് ചാൻസലറുടെ ചേംബറിൽ നടക്കും.*

*ബിഎസ്സി എംഎൽടി യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. പ്രവൃത്തി പരിചയം അഭിലഷണീയം. 2025 ജനുവരി ഒന്നിന് 36 വയസ് കവിയരുത്. സംവരണ വിഭാഗക്കാർക്ക് പ്രായ പരിധിയിൽ നിയമാനുസൃത ഇളവ് അനുവദിക്കും.*

*താത്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷാ ഫോറവും അനുബന്ധ രേഖകളുമായി രാവിലെ 11ന് സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ എഡിഎ5 സെക്ഷനിൽ എത്തണം.*

*(പി.ആർ.ഒ/39/1891/2025)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ എംഎസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റാ സയൻസ്(പിജിസിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യ നിർണത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 15നു മുൻപ് ഓൺലൈനിൽ അപേക്ഷിക്കണം.*

................

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎ അനിമേഷൻ, സിനിമ ആൻ്റ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈൻ, പ്രിൻ്റ് ആൻ്റ് ഇലക്ട്രോണിക് ജേർണലിസം (2023 അഡ്മിഷൻ തോറ്റവർക്കുള്ള സ്പെഷ്യൽ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 14 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

........................

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) മാസ്റ്റർ ഓഫ് ലൈബ്രറി ആൻ്റ് ഇൻഫർമേഷൻ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2020 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1892/2025)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*രണ്ടാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ഡോക്യുമെന്റേഷൻ (2024 അഡ്മിഷൻ റഗുലർ, 2021 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2019 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2018 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്)പരീക്ഷകൾ ഓഗസ്റ്റ് 18 മുതൽ നടക്കും.*

*(പി.ആർ.ഒ/39/1893/2025)*

## വൈവ വോസി

*നാലാം സെമസ്റ്റർ എംഎസ്സി ബയോസ്റ്റാറ്റിസ്റ്റിക്സ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രൊജക്റ്റ്, വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് 22ന് പാലാ സെൻ്റ്*

*തോമസ് കോളജിൽ നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.*

.......................................

*രണ്ടാം സെമസ്റ്റർ ബിവോക് ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ടൂറിസം അഡ്മിനിസ്ട്രേഷൻ ആന്റ് ഹോസ്പിറ്റാലിറ്റി (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്- പുതിയ സ്കീം മെയ് 2025) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ഓഗസ്റ്റ് 11 മുതൽ 14 വരെ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1894/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**